വൈദ്യുതി ബോർഡിന് ലഭിച്ച സാമ്പത്തിക സഹായം

35 [346] *ശ്രീ. പി. ജയരാജൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ബോർഡിന് വേണ്ടി എത്ര തുക കടമായോ സഹായമായോ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്ന് എത്ര രൂപ വീതം ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഈ തുക ഉപയോഗിച്ച് നാളിതുവരെ ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) 2001-2002 സാമ്പത്തിക വർഷം മുതൽ സർക്കാരിൽ നിന്നും വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടമായി ലഭിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു:

(തുക കോടികളിൽ)

വർഷം	*ധനകാര്യ സ്ഥാപനം*	*സർക്കാർ*	*ആകെ*
2001-2002	675.47	14.84	690.31
2002-2003	1327.09	53.16	1380.25
2003-2004 (താൽക്കാലിക കണക്ക്)	1997.75	15.65	2013.40
2004-2005 (താൽക്കാലിക കണക്ക്)	539.45	42.71	582.16

ഇതിനു പുറമെ 2002-03 വർഷത്തിൽ 200 കോടി രൂപയും 2003-04 വർഷത്തിൽ 556.46 കോടി രൂപയും സബ്സിഡിയായി കേരള സർക്കാരിൽ നിന്നും ബോർഡിന് ലഭിച്ചിട്ടുണ്ട്. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സർക്കാരിൽ നിന്നും ലഭിച്ച വായ്പയുടെ വിശദാംശം അനുബന്ധം I† ആയി ചേർത്തിരിക്കുന്നു.

(സി) & (ഡി) വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സർക്കാരിൽ നിന്നും ലഭിച്ച തുകകൾ ബോർഡിന്റെ പദ്ധതി ചെലവുകൾക്കും വായ്പ തിരിച്ചടയ്ക്കുന്നതിനും വിനിയോഗിക്കുന്നു. പദ്ധതികൾക്കുവേണ്ടി വിനിയോഗിച്ച തുകകളുടെ വിശദാംശം അനുബന്ധം II† ആയി ചേർത്തിരിക്കുന്നു.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly